# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4874** — **24/07/2015-ൽ മറുപടിക്ക്**

## ഹൃദയശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന സ്റ്റെന്റുകൾക്ക്പിന്നിലെ തട്ടിപ്പ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ. കെ. ശശീന്ദ്രൻ**<br>**ശ്രീ. തോമസ് ചാണ്ടി** | **ശ്രീ. വി.എസ്. ശിവകുമാർ**<br>**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) ഹൃദയശസ്ത്രക്രിയയ്ക്ക് ഉപയോഗിക്കുന്ന സ്റ്റെന്റുകൾക്ക് ചില സ്വകാര്യ ആശുപത്രികൾ കൊള്ളവില ഈടാക്കുന്നതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) വൻ റാക്കറ്റുകളാണ് സ്റ്റെന്റ് തട്ടിപ്പിന് പിന്നിൽ പ്രവർത്തിക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവരുടെ പ്രവർത്തനം നിരോധിക്കാനും ഇവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവന്ന് അർഹമായ ശിക്ഷ നൽകാൻ നടപടി സ്വീകരിക്കുമോ ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>കാർഡിയാക് സ്റ്റെന്റുകൾക്ക് അമിത വില ഈടാക്കുന്നത് സംബന്ധിച്ച് ഒരു സ്വകാര്യ ആശുപത്രിയ്ക്ക് എതിരെയുള്ള പരാതി ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ വകുപ്പിലെ ഇന്റലിജൻസ് വിഭാഗം മേധാവി പ്രസ്തുത സ്ഥാപനം പരിശോധിക്കുകയും ടി പരിശോധനാ റിപ്പോർട്ട് ചില ശുപാർശകൾ സഹിതം സർക്കാരിന് ലഭ്യമാക്കുകയുണ്ടായി. അയയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ ഡ്രഗ് എല്യൂട്ടിംഗ് സ്റ്റെന്റുകളെ നാഷണൽ ലിസ്റ്റ് ഓഫ് എസ്സൻഷ്യൽ മെഡിസിൻസ് 2011-ൽ ഉൾപ്പെടുത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പ്, കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള മരുന്നുകളുടെ |

വില നിയന്ത്രിക്കുന്നതിനുള്ള പരമാധികാരം നിക്ഷിപ്തമായിട്ടുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയോട് ശുപാർശ ചെയ്തിരുന്നു. ആയത് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയുടെ പരിഗണനയിലാണെന്ന് ഡ്രഗ്സ് കൺട്രോൾവകുപ്പിനെ അറിയിച്ചിട്ടുണ്ട്.

സി) ഗുണനിലവാരം കുറഞ്ഞ ചൈനീസ് സ്റ്റെന്റുകളും സ്വകാര്യ ആശുപത്രികൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യങ്ങളെല്ലാം നിരോധിക്കുന്നതിനായി പുതുതായി നിയമസഭയിൽ അവതരിപ്പിക്കുമെന്ന് പറയപ്പെടുന്ന മെഡിക്കൽ ബില്ലിൽ ആവശ്യമായ വകുപ്പുകൾ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**സെക്ഷൻ ഓഫീസർ**